## അധ്യായം 96
# അൽ അലഖ്
അവതരണം മക്കയിൽ, വചനങ്ങൾ 19

---

അധ്യായ പരിചയം:

മക്കയിൽ അവതീർണമായ അധ്യായമാണിത്. ഇതിലെ ആദ്യത്തെ അഞ്ച് വചനങ്ങൾ പ്രവാചകന് ലഭിച്ച ആദ്യത്തെ ദിവ്യബോധനങ്ങളാണ്. ഭൂരിപക്ഷം ഖുർആൻ പണ്ഡിതന്മാരും ആ അഭിപ്രായക്കാരാണ്. ഒരു റമദാനിലെ രാവിലായിരുന്നു അത്. 97-ാം അധ്യായത്തിൽ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. അതായത്, പ്രവാചകൻ മുഹമ്മദ്(സ) ക്കുള്ള ദിവ്യബോധനങ്ങൾക്ക് ആരംഭം കുറിച്ചത് ഈ വചനങ്ങൾ അരുളിക്കൊണ്ടായിരുന്നു. എഴുത്തു വായനയും അറിയാത്ത മുഹമ്മദിനോട് മാലാഖ വായിക്കാൻ അന്ന് ആവശ്യപ്പെടുകയായിരുന്നു. അക്കാര്യം വഴിയെ സൂചിപ്പിക്കാം.

ഈ അഞ്ച് വചനങ്ങൾ അവതരിച്ചു കുറച്ചു കാലത്തിനു ശേഷമാണ് 6-ാം വചനം മുതൽ അവസാനം വരെയുള്ള ഭാഗങ്ങൾ അവതരിച്ചത്.

ഒരിക്കൽ പ്രവാചകൻ കഅ്ബയുടെ മുറ്റത്ത് നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മക്കയിലെ നേതാവും ഖുറൈശീപ്രമുഖനും പ്രവാചകൻെറ ബന്ധുവുമായിരുന്ന അബൂജഹ്ൽ അത് കാണാനാടയായി. അയാൾ അവിടെക്ക് വരികയും നബിയെ നമസ്കാരത്തിൽനിന്ന് തടയാൻ ഒരുമ്പെടുകയും ചെയ്തു. ഈ സംഭവവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത വചനങ്ങൾ അവതരിച്ചത്.

ചരിത്രപശ്ചാത്തലം

മുഹമ്മദ് നബി തൻെറ പ്രവാചകത്വലബ്ധിക്കു മുമ്പു തന്നെ മക്കയിലെ സാധാരണക്കാരുടെ ദുശ്ചെയ്തികളെയും ആചാരങ്ങളെയും ബഹുദൈവത്വാചാരങ്ങളെയും അംഗീകരിച്ചിരുന്നില്ല. ജനത്തിൻെറ വഴിവിട്ട ജീവിതത്തിൽ അദ്ദേഹം ഖിന്നനായിരുന്നു. സാമൂഹിക ദുരാചാരങ്ങളെയും അക്രമങ്ങളെയും അദ്ദേഹം ഏറെ വെറുത്തു. അദ്ദേഹമാകട്ടെ തീർത്തും വിശുദ്ധമായ ജീവിതമാണ് നയിച്ചിരുന്നത്. തനിക്ക് ചുറ്റും നടമാടിയിരുന്ന ദുരാചാരങ്ങൾ ഒട്ടും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നില്ല. അതിനാലാണ് മക്കാനിവാസികൾക്ക് ചെറുപ്പം മുതൽ തന്നെ അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടവനായത്.

തൻെറ ജനത്തിൻെറ ദുരാചാരങ്ങൾ നിറഞ്ഞ ജീവിതരീതിയിൽ മനം നൊന്ത് ഒരുനാൾ അദ്ദേഹം മക്കക്ക് അടുത്തുള്ള ഹിറാമലയിലെ ഒരു ഗുഹയിൽ ചെന്നിരുന്ന് ഒരു തരം ആത്മീയചിന്തയിലും ഭജനത്തിലും ഏർപ്പെട്ടു. പല നാളുകൾ ഈ രീതിയിലെ കഴിച്ചുകൂട്ടുകയുണ്ടായി. ഭക്ഷണസാധാനങ്ങൾ ഭാര്യ ഖദീജ തയാർ ചെയ്തു കൊടുക്കുമായിരുന്നു. ഏതാനും നാളത്തേക്കുള്ള ആഹാരസാധനങ്ങളുമായി അദ്ദേഹം വീണ്ടും ഗുഹയിലേക്ക് പോവുകയും തൻെറ ധ്യാനത്തിൽ മുഴുകുകയും ചെയ്യും. ആ ഘട്ടത്തിൽ പ്രവാചകത്വത്തെ സംബന്ധിച്ചോ ദിവ്യബോധനത്തെ സംബന്ധിച്ചോ ദൈവികമാർഗത്തെക്കുറിച്ചോ അവൻെറ കല്പനകളെ സംബന്ധിച്ചോ യാതൊരു അറിവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അത് പ്രതീക്ഷിക്കുകയും ചെയ്തിരുന്നില്ല.

റമദാനിലെ ഒരു രാത്രി ഗുഹയിലെ ഇരുട്ടിലേക്ക് ദൈവത്തിൻെറ മാലാഖ ജിബ്രീൽ കടന്നുവന്നു. അദ്ദേഹം അവിടത്തോട് വായിക്കാൻ പറഞ്ഞു. അന്നുവരെ വായിച്ചിട്ടില്ലാത്ത പ്രവാചകൻ തനിക്ക് വായിക്കാൻ അറിയില്ലെന്ന് മലക്കിനോട് ഉണർത്തി. ഉടനെ മലക്ക് അദ്ദേഹത്തെ ശക്തിയായി പുണർന്നു. പിടിവിട്ടശേഷം വീണ്ടും പറഞ്ഞു: വായിക്കുക." അപ്പോഴും അദ്ദേഹം തൻെറ മറുപടി ആവർത്തിച്ചു. ഇങ്ങനെ മൂന്ന് തവണ ചെയ്തു. ഒടുവിൽ മാലാഖ ഈ അധ്യായത്തിലെ ഒന്നു മുതൽ അഞ്ചുവരെയുള്ള ഭാഗങ്ങൾ ഓതിക്കേൾപ്പിച്ചു.

ഈ സംഭവത്തിനു ശേഷം അദ്ദേഹം ഭയവിഹ്വലനായി വീട്ടിലേക്ക് ഓടുകയും ഭാര്യ ഖദീജയോട് തനിക്ക് പുതച്ചുതരൂ എന്ന് പറയുകയും ചെയ്തു. ഭയം തെല്ല് അകന്നപ്പോൾ അദ്ദേഹം തനിക്കുണ്ടായ അനുഭവങ്ങൾ വിവരിച്ചു പറഞ്ഞു. എന്നാൽ അദ്ദേഹത്തെ സമാധാനപ്പെടുത്തിക്കൊണ്ട് ഖദീജ പറഞ്ഞു: ഒരിക്കലുമില്ല. താങ്കൾക്ക് ഒരു ആപത്തും വരികയില്ല. അല്ലാഹു താങ്കളെ നിന്ദിക്കുകില്ല. അങ്ങ് ബന്ധുക്കളോട് മാന്യമായി പെരുമാറുന്നു. സത്യം പറയുന്നു. ഉത്തരവാദിത്തങ്ങൾ യഥാവിധം നിർവഹിക്കുന്നു. പ്രയാസപ്പെടുന്നവരുടെ ഭാരം ചുമക്കുന്നു. അഗതികൾക്ക് സമ്പാദിച്ചു കൊടുക്കുന്നു. അതിഥികളെ ആദരിക്കുന്നു. നല്ല കാര്യങ്ങളിൽ സഹകരിക്കുന്നു."

തുടർന്ന് അദ്ദേഹത്തെയും കൂട്ടി ഖദീജ തന്റെ ബന്ധുവും പുരോഹിതനുമായ വറഖത്തുബ്നു നൗഫലിന്റെ അടുത്തേക്ക് പോയി. സംഭവങ്ങളെല്ലാം വിശദമായി കേട്ട വറഖ പറഞ്ഞു: മൂസായുടെ അടുത്തേക്ക് ദിവ്യസന്ദേശവുമായി വന്ന നാമൂസ് - ജിബ്രീൽ- ആണത്. താങ്കൾ പ്രവാചകനായി വരുന്ന കാലത്ത് ഞാൻ ജീവിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നെനെ. താങ്കളുടെ ജനത താങ്കളെ ആട്ടിയോടിക്കുന്ന കാലത്ത് ഞാനുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

പ്രവാചകൻ ചോദിച്ചു: എന്ത്, അവരെന്നെ ആട്ടിയോടിക്കുമോ?" "അതെ. അങ്ങ് കൊണ്ടുവന്ന സന്ദേശവുമായി വന്നവരെയൊക്കെ അവരുടെ ജനം ആട്ടിയോടിച്ചിട്ടുണ്ട്. അന്ന് ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ താങ്കളെ പിന്തുണക്കുക തന്നെ ചെയ്യും." എന്നാൽ അതിനുള്ള സൗഭാഗ്യം വറഖക്ക് ലഭിച്ചില്ല. പ്രവാചകൻ മുഹമ്മദിന്റെ അദ്ദേഹത്തിന്റെ നാല്പതാം വയസ്സിലാണിതുണ്ടായത്.

പ്രവാചകത്വലബ്ധിയുടെ ഏതാനും കാലത്തിനു ശേഷമാണ് ഈ അധ്യായത്തിൽ സൂചിപ്പിച്ച മറ്റൊരു സംഭവവും നടന്നത്.

പ്രവാചകൻ മുഹമ്മദ്(സ) വളരെ രഹസ്യമായാണ് ആദ്യകാലങ്ങളിൽ നമസ്കാരം അനുഷ്ഠിച്ചിരുന്നത്. അന്ന് അദ്ദേഹം തന്നിൽ അർപ്പിതമായ ദിവ്യദൗത്യം നിർവഹിച്ചിരുന്നതും രഹസ്യമായാണ്. ശത്രുഭയം തന്നെയായിരുന്നു കാരണം. മാത്രവുമല്ല, കഅ്ബയുടെ പരിസരത്തു വെച്ച് ആളുകൾ കാണെ ഖുർആൻ പാരായണം ചെയ്യുന്നതും നമസ്കരിക്കുന്നതും ഖുറൈശികൾ വിലക്കിയിരുന്നു.

ഒരിക്കൽ അബൂജഹ്ൽ തന്റെ കൂട്ടുകാരോട് ഇങ്ങനെ ചോദിച്ചു: നിങ്ങളുടെ മുമ്പിൽ വെച്ച് മുഹമ്മദ് അവന്റെ തല മണ്ണിൽ കുത്തുന്നുണ്ടോ?" അവർ പറഞ്ഞു: അതെ." ഉടനെ അയാൾ പറഞ്ഞു: ലാത്തയാണെ, ഉസ്സയാണെ, അവൻ നമസ്കരിക്കുന്നതെങ്ങാനും ഞാൻ കാണാനിടയായാൽ അവന്റെ പിരടിക്ക് ചവിട്ടി മുഖം മണ്ണിൽ തേച്ചുകളയും."

ഒരിക്കൽ പ്രവാചകൻ നമസ്കരിച്ചുകൊണ്ടിരിക്കുന്നത് അയാൾ കാണാനാടിയായി. ഉടനെ അദ്ദേഹത്തെ തടയാൻ മുതിർന്നു അബൂജഹ്ല അടുത്തു ചെല്ലുകയുണ്ടായി. എന്നാൽ തന്റെ ഉദ്യമത്തിന് മുതിരുന്നതിനു മുമ്പു തന്നെ അയാൾ എന്തോ കണ്ടതുപോലെ ഭയപ്പെട്ടു പിന്തിരിഞ്ഞോടുകയായിരുന്നു. അതെപ്പറ്റി ചോദിച്ചപ്പോൾ അയാൾ കൂട്ടുകാരോട് ഇങ്ങനെ പറഞ്ഞു: മുഹമ്മദിനും എനിക്കുമിടയിൽ വലിയൊരു അഗ്നികുണ്ഡവും വിരൂപിയായ ഒരു ജീവിയെയുമാണ് ഞാൻ കണ്ടത്."

ഒരിക്കൽ പ്രവാചകൻ കഅ്ബയുടെ മുറ്റത്ത് നമസ്കരിച്ചുകൊണ്ടിരിക്കെ അബൂജഹ്ൽ അവിടേക്ക് കടന്നുവരികയും പ്രവാചകനോട് ഇങ്ങനെ കയർക്കുകയും ചെയ്തു: മുഹമ്മദ്, ഇവിടെ വെച്ച് നമസ്കരിക്കുന്നതിൽനിന്ന് ഞാൻ നിന്നെ വിലക്കിയതല്ലേ?" ഉടനെ തിരുനബി അദ്ദേഹത്തെ ആട്ടിക്കളയാൻ മുതിർന്നു. അയാൾ പറഞ്ഞു: നീ എന്നെ വിരട്ടാൻ മുതിരുകയോ? ഈ നാട്ടിലുള്ളവരൊക്കെ എന്റെ ആളുകളാണ്."

ഈ സംഭവത്തെ തുടർന്നാണ് ഈ അധ്യായത്തിലെ ആറ് മുതൽ അവസാനം വരെയുള്ള വചനങ്ങൾ അവതരിച്ചത്.

**അർഥം:**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

| | | |
|---|---|---|
| اقْرَأْ | *ഇഖ്റഅ്* | നീ വായിക്കുക |

| | | |
|---|---|---|
| بِٱسۡمِ رَبِّكَ | *ബിസ്മി റബ്ബിക* | നിൻെറ നാഥൻെറ നാമത്തിൽ |
| ٱلَّذِي خَلَقَ ١ | *അല്ലദീ ഖലഖ്* | സൃഷ്ടിച്ചവനായ |
| خَلَقَ ٱلۡإِنسَٰنَ | *ഖലഖൽ ഇൻസാന* | മനുഷ്യനെ അവൻ സൃഷ്ടിച്ചു |
| مِنۡ عَلَقٍ ٢ | *മിൻ അലഖ്* | (തൂങ്ങിക്കിടക്കുന്ന) സിക്താണ്ഡത്തിൽനിന്ന് |
| ٱقۡرَأۡ | *ഇഖ്റഅ്* | നീ വായിക്കുക |
| وَرَبُّكَ | *വറബ്ബുക* | നിൻെറ നാഥൻ |
| ٱلۡأَكۡرَمُ ٣ | *അൽ അക്റം* | അത്യുദാരനാകുന്നു |
| ٱلَّذِي عَلَّمَ | *അല്ലദീ അല്ലമ* | പഠിപ്പിച്ചവനായ |
| بِٱلۡقَلَمِ ٤ | *ബിൽ ഖലം* | പേന കൊണ്ട് |
| عَلَّمَ ٱلۡإِنسَٰنَ | *അല്ലമൽ ഇൻസാന* | അവൻ മനുഷ്യനെ പഠിപ്പിച്ചു |
| مَا لَمۡ يَعۡلَمۡ ٥ | മാലം യഅ്ലം | അവന് അറിയാത്തത് |
| كَلَّآ | *കല്ലാ* | നിസ്സംശയം, |
| إِنَّ ٱلۡإِنسَٰنَ | *ഇന്നൽ ഇൻസാന* | തീർച്ചയായും മനുഷ്യൻ |
| لَيَطۡغَىٰٓ ٦ | ലയത്വ്ഗാ | അതിക്രമിയായിരിക്കുന്നു |
| أَن رَّءَاهُ | *അർറആഹു* | അവൻ അവനെ കണ്ടതിനാൽ |
| ٱسۡتَغۡنَىٰٓ ٧ | *ഇസ്തഗ്നാ* | സ്വയം തികഞ്ഞവനായിട്ട് |
| إِنَّ إِلَىٰ رَبِّكَ | *ഇന്ന ഇലാ റബ്ബിക* | തീർച്ചയായും നിൻെറ നാഥങ്കലേക്കാണ് |
| ٱلرُّجۡعَىٰٓ ٨ | അർറുജ്ആ | മടക്കം |
| أَرَءَيۡتَ | *അറഅയ്ത* | നീ കണ്ടില്ലേ? |
| ٱلَّذِي يَنۡهَىٰ ٩ | *അല്ലദീ യൻഹാ* | തടയുന്നവനെ |
| عَبۡدًا | *അബ്ദൻ* | ദാസൻ |
| إِذَا صَلَّىٰٓ ١٠ | *ഇദാ സ്വല്ലാ* | നമസ്കരിച്ചാൽ. |
| أَرَءَيۡتَ | *അറഅയ്ത* | നിനക്കെന്തു തോന്നുന്നു? |

| | | |
|---|---|---|
| إِن كَانَ | *ഇൻ കാന* | അവനാണെങ്കിൽ |
| عَلَى ٱلْهُدَىٰٓ ١١ | *അലൽ ഹുദാ* | സന്മാർഗത്തിൽ |
| أَوْ أَمَرَ | *ഔ അമറ* | അല്ലെങ്കിൽ കല്പിക്കുന്നു |
| بِٱلتَّقْوَىٰٓ ١٢ | *ബിത്തഖ്‌വാ* | സൂക്ഷ്മത പാലിക്കാൻ |
| أَرَءَيْتَ | *അറഅയ്ത* | നിനക്കെന്തു തോന്നുന്നു |
| إِن كَذَّبَ | *ഇൻകദ്ദബ* | അവൻ കളവ് പറയുകയും |
| وَتَوَلَّىٰٓ ١٣ | *വതവല്ലാ* | പിന്തിരിയുകയും ചെയ്യുന്നവനാണെങ്കിൽ |
| أَلَمْ يَعْلَم | *അലം യഅ്‌ലം* | അവൻ മനസ്സിലാക്കിയിട്ടില്ലേ? |
| بِأَنَّ ٱللَّهَ يَرَىٰ ١٤ | *ബിഅന്നല്ലാഹ യറാ* | അല്ലാഹു കാണുന്നുണ്ടെന്ന് |
| كَلَّا | *കല്ലാ* | നിസ്സംശയം |
| لَئِن لَّمْ يَنتَهِ | *ലഇല്ലം യൻതഹി* | അവൻ വിരമിക്കുന്നില്ലെങ്കിൽ |
| لَنَسْفَعًا | *ലനസ്ഫഅൻ* | നാം പിടിച്ചു വലിക്കുക തന്നെ ചെയ്യും |
| بِٱلنَّاصِيَةِ ١٥ | *ബിന്നാസ്വിയ* | കുടുമ. |
| نَاصِيَةٍ | *നാസ്വിയതിൻ* | കുടുമ, |
| كَـٰذِبَةٍ | *കാദിബത്തിൻ* | കളവ് പറയുന്ന |
| خَاطِئَةٍ ١٦ | *ഖാത്തിഅ* | തെറ്റ് പ്രവർത്തിക്കുകയും ചെയ്യുന്ന |
| فَلْيَدْعُ | *ഫൽയദ്ഉ* | അവൻ വിളിക്കട്ടെ |
| نَادِيَهُۥ ١٧ | *നാദിയഹു* | അവൻെറ സഭയിലുള്ളവരെ |
| سَنَدْعُ | *സനദ്ഉ* | നാം വിളിക്കുന്നതാകുന്നു |
| ٱلزَّبَانِيَةَ ١٨ | *സബാനിയ* | ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ |
| كَلَّا | *കല്ലാ* | നിസ്സംശയം |

| | | |
|---|---|---|
| لَا تُطِعْهُ | *ലാ തുത്വിഅ്ഹു* | നീ അവനെ അനുസരിക്കരുത് |
| وَٱسْجُدْ | *വസ്ജുദ്* | നീ സാഷ്ഠാംഗം ചെയ്യുക |
| وَٱقْتَرِب ۩ ﴿١٩﴾ | *വഖ്തരിബ്* | സാമീപ്യം നേടുകയും ചെയ്യുക |

വചനവിശലനം:

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ഇഖ്റഅ് ബിസ്മി റബ്ബികല്ലദീ ഖലക്

*സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നീ നാമത്തിൽ വായിക്കുക.*

ഈ വചനത്തിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. നീ വായിക്കുക എന്നാണ് ഒന്നാമത്തെ കാര്യം. നിൻെറ നാഥൻെറ നാമം, സൃഷ്ടിച്ചവൻ എന്നിവയാണ് രണ്ടും മൂന്നും കാര്യങ്ങൾ.

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ഹിറാഗുഹയിലേക്ക് കടന്നുവന്ന മലക്ക് ജിബ്രീൽ പ്രവാചകരോട് ആദ്യമായി ആവശ്യപ്പെട്ടത് "നീ വായിക്കുക" എന്നാകുന്നു. സാധാരണ ഏതെങ്കിലും വിധത്തിലുള്ള ലിഖിതങ്ങളാണല്ലോ ഒരാൾ വായിക്കുക. അഥവാ വായിക്കുന്നത് ലിഖിതരൂപങ്ങളെയായിരിക്കും. അത്തരത്തിലുള്ള വല്ല ലിഖിതവും അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട മാലാഖയുടെ കൈവശം ഉണ്ടായേക്കാം. അതിനാലാണ് "നീ വായിക്കുക"യെന്ന് മാലാഖ കല്പിച്ചത്. പ്രവാചകരുടെ മറുപടിയാകട്ടെ തൻെറ മുമ്പിൽ ഒരു ലിഖിതം സമർപ്പിക്കപ്പെട്ടതുപോലെയുമാകുന്നു. "എനിക്ക് വായിക്കാനറിയില്ല." അതേയവസരം ഒരു ലിഖിതമില്ലാതെയാണ് വന്നിരുന്നതെങ്കിൽ നീ പറയുകയെന്നോ നീ ഏറ്റു പറയുകയെന്നോ ആയിരിക്കും മാലാഖ പറയുക. ഇത് നമ്മുടെ കാഴ്ചപ്പാടാണ്. ഖുർആനെ സംബന്ധിച്ച് കൂടുതൽ അറിയുക അല്ലാഹുവിനു മാത്രമാണ്.

"നിൻെറ നാഥൻെറ നാമത്തിൽ" എന്നാണ് രണ്ടാമത്തെ കാര്യം. മക്കയിലെ ബഹുദൈവവിശ്വാസികൾക്ക് അപരിചിതമായിരുന്ന ഒരു കാര്യമായിരുന്നു ഇത്. ഏകനായ പ്രപഞ്ചസ്രഷ്ടാവിൻെറ നാമത്തിൽ എന്തെങ്കിലും കർമങ്ങൾ ചെയ്യൽ അവരുടെ ആചാരരീതിയായിരുന്നില്ല. എന്നാൽ പ്രവാചകൻ മുഹമ്മദിനെ സംബന്ധിച്ചിടത്തോളം ഇത് തീർത്തും സുവ്യക്തമായിരുന്നു. കാരണം, ജനങ്ങൾ വെച്ചു പൂജിക്കുന്ന ദൈവങ്ങൾക്കുപരി യഥാർഥത്തിൽ ഒരു സ്രഷ്ടാവ് ഈ പ്രപഞ്ചത്തിനുണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആ സങ്കല്പത്തിൽ തന്നെയായിരുന്നു അദ്ദേഹം തൻെറ മനസ്സിനെയും കർമങ്ങളെയും ചിട്ടപ്പെടുത്തിയിരുന്നത്.

"സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവ്" എന്നാണ് മൂന്നാമത്തെ കാര്യം. എല്ലാറ്റിൻെറയും സ്രഷ്ടാവ് ഏകനായ ദൈവമാണെന്ന് പ്രവാചകന് അറിയാമായിരുന്നു. എന്നാൽ ചുറ്റുമുള്ള ആളുകൾക്ക് കാര്യം ബോധ്യപ്പെടുത്തുകയെന്നതാണല്ലോ ഖുർആൻെറ ലക്ഷ്യം. അതിനാൽ അക്കാര്യം തന്നെ അവരുടെ മുമ്പിലേക്ക് എടുത്തിട്ടു പറയുന്നു, എല്ലാറ്റിൻെറയും സൃഷ്ടികർത്താവാണ് നിൻെറ നാഥൻ. അവനെക്കൂടാതെ സൃഷ്ടിലോകത്ത് ആരാധിക്കപ്പെടേണ്ട മറ്റൊരു സ്രഷ്ടവില്ല. സ്രഷ്ടാവ് എന്ന നിലക്ക് അവനെ മാത്രം ആശ്രയിക്കുകയെന്ന അവസ്ഥയിലേക്ക് മനുഷ്യരുടെ ബോധത്തെ തിരിച്ചുവിടുകയാണ് അത് ചെയ്യുന്നത്.

ഒരു കാര്യം ഇവിടെ വ്യക്തമായി മനസ്സിലാക്കുക. എല്ലാ വിജ്ഞാനവും ഏകനായ പ്രപഞ്ചസ്രഷ്ടാവിൽനിന്നാണ് മനുഷ്യന് ലഭിക്കുന്നത്. അവനെക്കൂടാതെ ആർക്കും തന്നെ പ്രപഞ്ചത്തിലെ ചെറിയ വൈജ്ഞാനിക കണം പോലും സ്വായത്തമാക്കാനാകില്ല. ഇതത്രെ ഒന്നാമത്തെ കാര്യം. അതിനാൽ തന്നെ തൻെറ നാഗരിക

തകൾ അവൻെറ നാമത്തിലും അഭീഷ്ടത്തിലും പടുത്തുയർത്താൻ മനുഷ്യൻ ബാധ്യസ്ഥനാണ്.

മനുഷ്യവർഗത്തോടുള്ള ഖുർആനിൻെറ പ്രഥമ ഉദ്ബോധനമാകുന്നു വായിക്കുക എന്നത്. അതിലൂടെ വിജ്ഞാനം നേടൽ അവൻെറ ബാധ്യതയായി വരുന്നു. അവൻെറ ജീവിതസംസ്കാരം അവനിൽനിന്നുള്ള വിജ്ഞാനീയങ്ങൾക്ക് അനുസൃതമായിരിക്കുക എന്നതും അവനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനമാകുന്നു. വിജ്ഞാനീയങ്ങളുടെ ഉറവിടവും പ്രപഞ്ചങ്ങളുടെ സ്രഷ്ടാവും അവൻ മാത്രമാണെന്നത് യാദൃശ്ചികമായ സംഭവമല്ല. തീർത്തും കാര്യകാരണ യാഥാർഥ്യം മാത്രമാണ്. സ്രഷ്ടാവിന് മാത്രമേ കാര്യങ്ങളെ സംബന്ധിച്ച യഥാർഥ ജ്ഞാനം ഉണ്ടാവുകയുള്ളൂ എന്ന പ്രാഥമിക തത്വമാണ് അതിന് അടിസ്ഥാനം.

---

خَلَقَ الْإِنسَانَ مِنْ عَلَقٍ ഖലകൽ ഇൻസാന മിൻ അലഖ്

അവൻ മനുഷ്യനെ സിക്താണ്ഡത്തിൽനിന്നും സൃഷ്ടിച്ചു.

---

അലഖ് എന്ന വാക്കിനെയാണ് സിക്താണ്ഡം എന്ന് അർഥകല്പന ചെയ്തത്. ഇത് പദാനുപദ വിവർത്തനമല്ല. ഭ്രൂണത്തിൻെറ തൂങ്ങിക്കിടക്കുന്ന അവസ്ഥയെയാണ് അത് സൂചിപ്പിക്കുന്നത്. മനുഷ്യജന്മത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഘട്ടമാണിത്. ഗർഭധാരണാനന്തരം കുറച്ചുനാളത്തേക്ക് ഭ്രൂണത്തിൻെറ അവസ്ഥയാണ് ഈ ഘട്ടം. പിന്നീടാണത് മാംസപിണ്ഡമാകുന്നത്. അതിൻെറ അടുത്ത ഘട്ടത്തിൽ മാത്രമാണ് മാംസപിണ്ഡം മനുഷ്യരൂപമണിയുന്നത്. ഈ ഘട്ടങ്ങൾ വിശുദ്ധഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

*“ഓ മനുഷ്യരേ, മരണാനന്തര ജീവിതത്തെക്കുറിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ (മനസ്സിലാക്കുക) നിങ്ങളെ നാം സൃഷ്ടിച്ചത് മണ്ണിൽനിന്നാകുന്നു. പിന്നെ രേതസ്കണത്തിൽനിന്ന്. പിന്നെ രക്തപിണ്ഡത്തിൽനിന്ന്. പിന്നീട് രൂപമുള്ളതും രൂപമില്ലാത്തതുമായ മാംസപിണ്ഡത്തിൽ നിന്ന്.”* (ഖുർആൻ 22:5) ഭ്രൂണവളർച്ചയുടെ വിവിധ ഘട്ടങ്ങളെയാണ് ഇവിടെയും വ്യക്തമാക്കിയിട്ടുള്ളത്.

---

اقْرَأْ وَرَبُّكَ الْأَكْرَمُ الَّذِي عَلَّمَ بِالْقَلَمِ ഇഖ്റഅ് വറബ്ബുകൽ അക്റ അല്ലദീ അല്ലമ ബിൽഖലം

നീ വായിക്കുക, നിൻെറ നാഥൻ അത്യുദാരനാകുന്നു. തൂലിക കൊണ്ട് പഠിപ്പിച്ചവൻ.

---

ഈ വചനത്തിൻെറ ആദ്യഭാഗം സൂചിപ്പിക്കുന്നത് ഏകദൈവത്തിൻെറ ഉദാരതയെപ്പറ്റിയാകുന്നു. അതിനിസ്സാരമായ ഒരു തുള്ളി ശുക്ലത്തിലൂടെ മനുഷ്യനെ സൃഷ്ടിക്കുകയും ബുദ്ധിയും ചിന്താശക്തിയുമടക്കം അസാധാരണ കഴിവുകൾ നല്കി അവനെ അനുഗ്രഹിക്കുകയും ചെറുതും വലുതുമായ വിജ്ഞാനത്തിൻെറ ഉള്ളറകളിലേക്കും അതുമൂലം ജീവിതത്തിൻെറ വലിയ നാഗരികതകളിലേക്കും കയറിച്ചെല്ലാൻ അവനെ സഹായിക്കുകയും ചെയ്തത് അല്ലാഹുവിൻെറ അത്യുദാരതയല്ലാതെ പിന്നെന്ത്?

രണ്ടാം ഭാഗത്ത് സൂചിപ്പിക്കുന്നത് ഇതത്രെ: സ്വയം വിജ്ഞാനം തേടാനും നേടാനും മാത്രമുള്ള കഴിവ് മാത്രമല്ല അവൻ മനുഷ്യന് നല്കിയിട്ടുള്ളത്. മറിച്ച് അവ സൂക്ഷിക്കുവാനും പരസ്പരം പങ്ക് വെക്കാനും ജീവിതത്തിൽ ഉപയോഗപ്പെടുത്താനും വേണ്ടി കൈമാറ്റ സംവിധാനവും അവൻ മനുഷ്യനെ അഭ്യസിപ്പിക്കുകയുണ്ടായി. അതിനെ ചിത്രീകരിച്ചു കൊണ്ടാണ് തൂലിക എന്ന പദം ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഈ രീതി മനുഷ്യനെ അഭ്യസിപ്പിച്ചില്ലായിരുന്നെങ്കിൽ മനുഷ്യൻ ആർജിക്കുന്ന വിജ്ഞാനീയങ്ങൾ എവിടെയും എത്താതെ അവരുടെ ഉള്ളിൽ തന്നെ നശിക്കുമായിരുന്നു. ഈ രീതിക്ക് ആധുനികമോ ഉത്തരാധുനികമോ ആയ എന്ത് നാമം നല്കിയാലും അതിൻെറ ഉപജ്ഞാതാവ് സർവ ശക്തനായ ഏകദൈവം മാത്രമാണ്.

മനുഷ്യവർഗത്തോട് അവൻ ചെയ്ത അത്യുദാരതയാണത്. അതിന് നന്ദി പ്രകാശിപ്പിക്കേണ്ടത് മനുഷ്യബാധ്യതയുമാണ്.

---

عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ അല്ലമൽ ഇൻസാന മാലം യഅ്ലം

മനുഷ്യൻ അറിഞ്ഞിട്ടില്ലാത്തത് അവൻ പഠിപ്പിച്ചു.

---

മനുഷ്യനെ അതിനിസ്സാരമായ വസ്തുവിൽനിന്ന് സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്, അവനെ അതിവിശിഷ്ടമായ ജ്ഞാനത്തിൻെറ ഉടമ കൂടിയാക്കുക ചെയ്തുവെന്നത് ഏകദൈവം അവനോട് ചെയ്ത മഹാ ഔദാര്യമാണ്.

മനുഷ്യൻ അറിവിൻെറ ഉടമയല്ല, അവൻ ഒന്നും അറിയാത്ത അവസ്ഥയിലാണ് ജനിക്കുന്നത്. മറ്റുള്ളവരുടെ സഹായമില്ലാതെ അവന് ഒന്നും അറിയാൻ സാധിക്കുകയില്ല. അഥവാ, നിരക്ഷരതയും അജ്ഞാനവും മനുഷ്യൻെറ അടിസ്ഥാനമാണ്. പക്ഷേ, അതിൽനിന്ന് മോചനം നേടുംവിധം വിദ്യ ആർജിക്കാൻ പര്യാപ്തമായ പ്രകൃതിയോടു കൂടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അവൻ ആർജിച്ച ഏത് വിജ്ഞാനശാഖയും ദൈവം മുൻകൂട്ടി ഈ ലോകത്ത്, മനുഷ്യന് സ്വായത്തമാക്കാൻ വിധം നിക്ഷേപിച്ചവയാണ്.

---

كَلَّا إِنَّ الْإِنسَانَ لَيَطْغَىٰ أَن رَّآهُ اسْتَغْنَىٰ കല്ലാ, ഇന്നൽ ഇൻസാന ലയത്വ്ഗ്അ, അർറഹുസ്തഗ്നാ

ഒരിക്കലുമല്ല, നിശ്ചയം, മനുഷ്യൻ ധിക്കാരിയായിരിക്കുന്നു, അവൻ തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാലത്രെ അത്.

---

ഇല്ലായ്മയിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും അവൻെറ സുഖകരമായ ജീവിതത്തിന് ആവശ്യമായ ഭൗതികവിഭവങ്ങൾ നല്കി ആദരിക്കുകയും മറ്റു സൃഷ്ടികളിൽനിന്ന് വ്യതിരിക്തനാക്കുമാറ് അവന് വിദ്യയുടെ എല്ലാ തുറകളും തുറന്നുകൊടുക്കുകയും ചെയ്ത ഏകദൈവത്തോട് നന്ദി കാണിക്കുന്നതിനു പകരം തനിക്ക് താൻ പോന്നവനായി അവൻ അഹങ്കരിക്കുകയും തൻെറ ജീവിതത്തിൽ ദൈവദത്തമായ ഒന്നും ഇല്ലെന്ന വിധം അവനോട് ധിക്കാരം പ്രവർത്തിക്കുകയുമാണ് മനുഷ്യൻ ചെയ്തത്.

ഈ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കുവാനാണ് മനുഷ്യൻ കല്പിക്കപ്പെട്ടത്. തനിക്ക് നല്കപ്പെട്ട കഴിവുകൾ ഉപയോഗിച്ച് തൻെറ യജമാനനായ ഏകദൈവത്തെ കണ്ടെത്തുകയും അവനിൽ സ്വയം സമർപ്പിച്ച് അവൻെറ കല്പനക്ക് വിധേയമായി ജീവിക്കുകയും ചെയ്യുകയത്രെ അതിനുള്ള വഴി. എന്നാൽ ദൈവത്തിൻെറ കല്പനക്ക് വിരുദ്ധം പ്രവർത്തിക്കുകയത്രെ മനുഷ്യജീവിതത്തിൽ നിറഞ്ഞുനില്ക്കുന്നത്. ഇതത്രെ ദൈവത്തോടുള്ള ധിക്കാരം.

മനുഷ്യൻ ധിക്കാരിയായിരിക്കുന്നു എന്ന പ്രസ്താവന ഏകദൈവത്തിൻെറ ആരോപണമല്ല. മനുഷ്യൻ തൻെറ ജീവിതം കൊണ്ട് തെളിയിച്ച പരമാർഥമാണ്. ഇത് മനുഷ്യൻെറ ഇഹപര പരാജയങ്ങൾക്കുള്ള നിമിത്തമാണ്. അതിൽനിന്ന് അവനെ രക്ഷപ്പെടുത്താനാണ് ഏകദൈവം പ്രവാചകന്മാരെ അയച്ചതും ഗ്രന്ഥം നല്കിയതും.

---

إِنَّ إِلَىٰ رَبِّكَ الرُّجْعَىٰ ഇന്ന ഇലാ റബ്ബികർറുജ്അ

തീർച്ചയായും നിൻെറ നാഥങ്കലേക്കാണ് മടക്കം.

---

മനുഷ്യൻ തൻെറ സ്രഷ്ടാവായ ദൈവത്തിൻെറ ഔദാര്യത്തോടെ നേടിയെടുത്ത എല്ലാ ഭൗതികനേട്ടങ്ങളുടെയും പിൻബലത്തോടെ നിഗളിച്ചു ജീവിക്കുകയും ജീവിത

കാലം മുഴുവൻ ദൈവധിക്കാരനയം കൈക്കൊള്ളുകയും ചെയ്തതിൻെറ പരിണതി എന്തായിരുന്നുവെന്ന് അറിയുന്നതിനും അതിൻെറ ശിക്ഷ അനുഭവിക്കുന്നതിനും അവൻ തൻെറ രക്ഷിതാവിങ്കൽ എത്തുക തന്നെ ചെയ്യും. ഏത് വിധത്തിൽ ജീവിച്ചാലും അവൻ മരണശേഷം എത്തേണ്ടത് തൻെറ സ്രഷ്ടാവിങ്കലേക്കാണ്. ആ മടക്കം വിജയകരമാക്കാൻ താൻ നേടിയെടുത്ത ദൈവികാനുഗ്രഹങ്ങളോട് നന്ദി കാണിക്കുകയും ഏകദൈവത്തിന് വിധേയനായി ജീവിക്കുകയുമാണ് മനുഷ്യരുടെ ബാധ്യത.

---

أَرَأَيْتَ الَّذِي يَنْهَى عَبْدًا إِذَا صَلَّى അറഅയ്തല്ലദീ യൻഹാ, അബ്ദൻ ഇദാ സ്വല്ലാ

ഒരു അടിമ നമസ്കരിച്ചപ്പോൾ അവനെ തടയുന്നവനെ നീ കണ്ടുവോ?

---

അടിമ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകനെയാണ്.

പ്രവാചകത്വത്തിൻെറ ആദ്യകാലത്ത് കഅ്ബയുടെ പരിസരത്തുവെച്ചുണ്ടായ ഒരു സംഭവത്തിലേക്കാണ് ഈ സംഭവം സൂചന നല്കുന്നത്. ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ പ്രവാചകൻ നമസ്കരിച്ചുകൊണ്ടിരിക്കുന്നത് അബൂജഹ്ർ കാണാനാടിയാവുകയും അദ്ദേഹത്തെ തടയാൻ അബൂജഹ്ൽ അടുത്തു ചെല്ലുകയുമുണ്ടായി. മറ്റൊരിക്കൽ ഇവ്വിഷയകമായി അബൂജഹ്ൽ നബിയോട് കയർക്കുകയും നമസ്കരിക്കുന്നതിൽനിന്ന് വിലക്കുകയുമുണ്ടായി. ഈ പശ്ചാത്തലത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്. പ്രവാചകൻ കഅ്ബയുടെ പരിസരത്തു വെച്ച് നമസ്കാരത്തിലൂടെ തങ്ങൾക്ക് അപരിചിതമായിരുന്ന ആരാധനാരീതിയാണ് അവർ കണ്ടത്. അതിനാൽ തന്നെ മുഹമ്മദിൻെറ പുത്തൻ മതത്തെ ഏതുവിധേനയെങ്കിലും നശിപ്പിക്കണമെന്ന് അവർ ഉറപ്പിക്കുകയും ചെയ്തു.

തൻെറ ദാസൻ നമസ്കരിക്കുന്നതിൽനിന്ന് അവനെ തടയുവാൻ ഇവന് അവകാശമെന്ത്, അവനാര്? എന്ന ശൈലിയിലാണ് ഖുർആൻ ഇത് ചോദിക്കുന്നത്.

ഇവിടെ പ്രവാചകനെ പേരെടുത്തു പറയാതെ അടിമ, ദാസൻ എന്ന അർഥത്തിലുള്ള അബ്ദ് എന്ന പദം ഉപയോഗിച്ചത് ഖുർആൻെറ പ്രത്യേക ശൈലിയാണ്. മനുഷ്യരെ മൊത്തത്തിൽ സൂചിപ്പിക്കാൻ അബ്ദ് എന്ന നാമം ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. അതെയവസരം തനിക്കിഷ്ടപ്പെട്ട ഒരു മഹദ്കൃത്യം ചെയ്ത മകനെ "അവനാണെൻെറ മകൻ" എന്ന് ഒരു പിതാവ് മകനെ പ്രശംസിക്കുന്നവിധത്തിലുള്ള പ്രയോഗമാണ് ഇവിടെ ഖുർആൻ സ്വീകരിച്ചിട്ടുള്ളത്. ഖുർആനിൽ പല ഭാഗങ്ങളിലും ഇതേ പദം ഉപയോഗിച്ചത് കാണാം. 17ാം അധ്യായം തുടങ്ങുന്നത് അത്തരം നാമവിശേഷണത്തിലൂടെയാണ്.

മറ്റൊരു കാര്യവും ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. ഈ അധ്യായഭാഗം അവതരിച്ചത് പ്രവാചകത്വത്തിൻെറ ആദ്യഘട്ടത്തിലാണ്. ആ കാലം മുതൽ തന്നെ പ്രവാചകനോട് നമസ്കരിക്കാൻ കല്പിക്കുകയും നിശ്ചിതമായ ഒരു രീതി അദ്ദേഹത്തെ അല്ലാഹു അഭ്യസിപ്പിക്കുകയും ചെയ്തിരുന്നുവെന്നു വേണം മനസ്സിലാക്കുവാൻ.

---

أَرَأَيْتَ إِن كَانَ عَلَى الْهُدَى أَوْ أَمَرَ بِالتَّقْوَى അറഅയ്ത ഇൻകാന അലൽ ഹുദാ, ഔ അമറ ബിത്തഖ്വാ

നിനക്കെന്തു തോന്നുന്നു, ആ ദാസൻ (പ്രവാചകൻ) സന്മാർഗത്തിലാണെങ്കിൽ, അല്ലെങ്കിൽ ഭക്തി കൊണ്ട് ഉപദേശി ക്കുകയാണെങ്കിൽ?

---

ഖുർആൻ വായിക്കുന്ന ഓരോ മനുഷ്യനും ഈ ചോദ്യത്തിൻെറ അഭിസംബോധിതനാണ്. അത് ഇങ്ങനെ വായിക്കാം: ദൈവദാസൻ നമസ്കരിച്ചുകൊണ്ടിരിക്കെ അവനെ തടയുന്ന ധിക്കാരിയായ ആ മനുഷ്യനെ നിങ്ങൾ കണ്ടുവോ? നിങ്ങൾക്കെന്തു തോന്നുന്നു, ആ ദാസൻ ദൈവത്തിങ്കൽ സന്മാർഗിയും അവനാൽ നിർദ്ദേശിക്കപ്പെട്ട കർമത്തിലുമാണെങ്കിലോ? അല്ലെങ്കിൽ അദ്ദേഹം ജനത്തെ സംസ്കരിക്കുന്ന

തിൻെറ ഭാഗമായി അവരോട് നന്മയും സൂക്ഷ്മതയും പാലിക്കണമെന്ന് ഉപദേശിക്കു ന്നവനാണെങ്കിലോ? അത്തരം ഒരാളെ എങ്ങനെയാണ് ഇവൻ തടയുക? നിങ്ങൾക്ക് എന്തു തോന്നുന്നു?

---

أَرَأَيْتَ إِن كَذَّبَ وَتَوَلَّى അറഅയ്ത ഇൻകദ്ദബ വതവല്ലാ

നിനക്കെന്തു തോന്നുന്നു, ഈ തടയുന്നവൻ സത്യത്തെ കളവാക്കുന്നവനും പിന്തി രിയുന്നവനുമാണെങ്കിലോ?

---

നിങ്ങൾക്ക് എന്തു തോന്നുന്നു, ആ തടഞ്ഞവൻ സത്യത്തെ കളവാക്കുന്നവനും അതിൽനിന്ന് സ്വയം പിന്തിരിയുന്നവനും മറ്റുള്ളവരെ തടയുന്നവനുമാണെങ്കിലോ? അവൻ ചെയ്യുന്നതാണോ അതല്ല, നമ്മുടെ ദാസൻ ചെയ്യുന്നതാണോ നല്ല കാര്യം എന്ന് നിങ്ങൾക്ക് തോന്നുന്നതെന്ത്?

ഇത് അബൂജഹ്‌ലിൻെറ കൃത്യം തീർത്തും തെറ്റാണെന്ന് ബോധ്യപ്പെടുത്തുന്ന താണ്.

---

أَلَمْ يَعْلَمْ بِأَنَّ اللَّهَ يَرَى അലം യഅ്‌ലം ബിഅന്നല്ലാഹ യറാ

അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുവെന്ന് അവൻ അറിഞ്ഞില്ലേ?

---

മുൻവചനത്തിൽ സൂചിപ്പിച്ചതുപോലെ മുഴുവൻ മനുഷ്യരോടും അഥവാ, നിഷ്പ ക്ഷമായി കാര്യങ്ങളെ അപഗ്രഥിക്കുകയും വിലയിരുത്തി തീരുമാനമെടുക്കുകയും ചെയ്യുന്ന മുഴുവൻ മനുഷ്യരോടുമുള്ള ചോദ്യമാണിത്. ഈ മനുഷ്യൻെറ ചെയ്തി നിങ്ങൾ കാണുകയും വിലയിരുത്തുകയും ചെയ്യുന്നില്ലേ? എന്നിട്ട് നിങ്ങൾക്ക് എന്തു തോന്നുന്നു?

അതോടൊപ്പം മനുഷ്യരെ മൊത്തത്തിൽ ഒരു കാര്യം പഠിപ്പിക്കുകയാണിവിടെ: ഭൗതികമായി ആർ എത്ര തന്നെ ഉയർന്നാലും വലിയവനായാലും അവൻ ദൈവ ത്തിൻെറ പിടിയിൽനിന്ന് മുക്തനല്ല, അവൻെറ ഓരോ ചെയ്തിയും ദൈവം സൂക്ഷ്മമായി നോക്കിക്കാണുന്നുണ്ട്. അതിൻെറ പരിണതിയിൽനിന്ന് ഒരിക്കലും രക്ഷ പ്പെടാൻ അവന് അവൻെറ ഭൗതികസ്വാധീനവും കഴിവും ഉപകരിക്കുകയില്ല.

സത്യത്തിന് വേണ്ടി പണിയെടുക്കുന്നവരെ ദൈവം നന്നായി മനസ്സിലാക്കുന്നുണ്ട്. അതിനെ നശിപ്പിക്കാൻ മുതിരുന്നവരെയും അവരുടെ കുതന്ത്രങ്ങളെയും അവൻ നന്നായി കാണുന്നുണ്ട്. ഈ പരമാർഥം ഖുർആൻ പല സ്ഥലങ്ങളിലും വിശദീകരി ച്ചിട്ടുണ്ട്.

പരലോകത്ത് വെച്ച് നടക്കുന്ന മനുഷ്യരുടെ കർമവിചാരണയുടെയും രക്ഷാശി ക്ഷകളടങ്ങിയ പ്രതിഫലത്തിൻെറയും അടിസ്ഥാനമാണ് ഈ "കാണൽ." എല്ലാ മനു ഷ്യരുടെയും ചെറുതും വലുതുമായ സകല കർമങ്ങളും മന്ത്രങ്ങൾ പോലും അവൻ വ്യക്തമായി കാണുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതാണ് പരലോ കവിചാരണ നീതിപൂർവകമാകുന്നതിനുള്ള അടിസ്ഥാനങ്ങളിൽ പ്രധാനം. മുഴുവൻ മനുഷ്യർക്കുമുള്ള താക്കീതാണിത്.

---

كَلَّا لَئِن لَّمْ يَنتَهِ لَنَسْفَعًا بِالنَّاصِيَةِ കല്ലാ ലഇല്ലം യൻതഹി ലനസ്ഫഅംബിനാസ്വിയ

ഒരിക്കലുമല്ല, അവൻ വിരമിക്കുന്നില്ലെങ്കിൽ നാം അവൻെറ കുടുമയിൽ പിടിച്ചുവ ലിക്കുകതന്നെ ചെയ്യും.

---

അതായത്, പ്രവാചകൻെറ നേരെയുള്ള സമീപനവും ധിക്കാരനയവും മർദ്ദന വും അവസാനിപ്പിക്കുന്നില്ലെങ്കിൽ അബൂജഹ്‌ലിൻെറ കുടുമയിൽ അഥവാ അവനെ മാരകമായി നാം പിടികൂടും എന്നർഥം. കുടുമ എന്ന പ്രയോഗം ഒരുപക്ഷേ, ആലങ്കാ

രികമാകാം. ആ വ്യക്തിയെ തന്നെ പിടികൂടുക എന്ന അർഥത്തിലാകാം അത് ഉദ്ദേശിച്ചിട്ടുണ്ടാകുക.

---

نَاصِيَةٍ كَاذِبَةٍ خَاطِئَةٍ നാസ്വിയതിൻ കാദിബത്തിൻ ഖാത്വിഅ

നിഷേധിയും പാപിയുമായ കുടുമയിൽ

---

ഇത് അബൂജഹ്ലിൻെറ വിശേഷണമാണ്. ഈ രണ്ട് ദുർഗുണവുമുണ്ടായതിനാലാണല്ലോ ദൈവികദാസ്യത്തെ എതിർത്തതും അതിനെ ധിക്കരിച്ചതും. ഇവിടെ നാസ്വിയത് അഥവാ കുടുമ എന്നത് ഉപമാലങ്കാരമാണെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. കളവ് പറയാൻ പ്രേരിപ്പിക്കുന്ന തലച്ചോറിൻെറ മുൻഭാഗമാണിതുകൊണ്ട് ഉദ്ദേശിക്കുന്നത് (ദൈവമാണ് കൂടുതൽ അറിയുന്നവൻ)

---

فَلْيَدْعُ نَادِيَه ഫൽയദ്ഉ നാദിയഹു

അവൻ തൻെറ കൂട്ടുകാരെ വിളിച്ചുകൊള്ളട്ടെ.

---

അതായത്, പ്രവാചകൻ കഅ്ബയുടെ പരിസരത്തു വെച്ച് നമസ്കരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തെ തടയാൻ വന്ന അബൂജഹ്ലിനെ പ്രവാചകൻ വിരട്ടുകയുണ്ടായി. അതുകണ്ട് അയാൾ ചോദിച്ചു: അല്ല, മുഹമ്മദേ, നീ എന്തു കണ്ടിട്ടാണ് എന്നെ വിരട്ടുന്നത്? ഈ നാട്ടിൽ എൻെറ ആൾക്കാരാണ് കൂടുതലുള്ളത്." അതേ കുറിച്ച് ഭീഷണമായ രീതിയിൽ ദൈവം പ്രതികരിക്കുകയാണ്: പ്രവാചകൻെറ നേരെയുള്ള ഭീഷണി പ്രാവർത്തികമാക്കാൻ അവൻ തൻെറ ആളുകളെ വിളിക്കട്ടെയെന്ന്.

---

سَنَدْعُ الزَّبَانِيَةَ സനദ്ഉസ്സബാനിയ

നാം ശിക്ഷയുടെ മാലാഖമാരെയും വിളിക്കുന്നതാണ്.

---

ശിക്ഷിക്കുവാനും സംരക്ഷിക്കുവാനുമുള്ള ഭടന്മാരാണ് സബാനിയാക്കൾ. ഇവിടെ സൂചിപ്പിക്കുന്നത് ഇതാണ്: മുഹമ്മദ്നബിയെ തടയുന്നതിനായി വിളിച്ചാൽ കിട്ടുന്ന തൻെറ പടയെ അബൂജഹ്ൽ വിളിക്കട്ടെ. തൻെറ ദാസനെ സംരക്ഷിക്കാൻ നമ്മുടെ ദാസന്മാരെ നാമും വിളിക്കാം. ആർക്കാണ് കൂടുതൽ ശക്തി എന്ന് അതുവഴി അവൻ മനസ്സിലാക്കട്ടെ.

---

كَلَّا لَا تُطِعْهُ وَاسْجُدْ وَاقْتَرِبْ കല്ലാ, ലാ തുത്വിഅ്ഹു വസ്ജുദ് വഖ്തരിബ്

ഒരിക്കലുമല്ല, നീ അവന് വഴങ്ങിപ്പോകരുത്. നീ സാഷ്ടാംഘം ചെയ്യുകയും (രക്ഷിതാവിൻെറ) സാമീപ്യം നേടുകയും ചെയ്യുക.

---

സാഷ്ടാംഗം കൊണ്ട് ഉദ്ദേശ്യം നമസ്കാരമാകുന്നു. അതായത്, പ്രവാചകനോട് ആവശ്യപ്പെടുന്നു: ഇത്തരം പ്രതിബന്ധങ്ങളുടെ മുമ്പിൽ ഭയപ്പെട്ട് നീ കർമങ്ങളിൽ നിന്ന് വിട്ടുനില്ക്കരുത്. നിന്നോട് കല്പിച്ചതുപോലെ നമസ്കാരത്തിൽ മുഴുകുക. അതിലൂടെ നിൻെറ രക്ഷിതാവിൻെറ സാമീപ്യം നേടുകയും ചെയ്യുക.